**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 500** **13-10-2026-ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ടം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** നിലവിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** A Review of Public Enterprises in Kerala 2024-25 പ്രകാരം 2024-25 വർഷത്തിൽ 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**(ബി)** എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും സഞ്ചിത നഷ്ടവും പ്രത്യേകം വ്യക്തമാക്കാമോ;

**മറുപടി:** A Review of Public Enterprises in Kerala 2024-25 പ്രകാരം 2024-25-വർഷത്തിൽ 63 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പേരും A Review of Public Enterprises in Kerala 2024-25 പ്രകാരമുള്ള അവയുടെ സഞ്ചിത നഷ്ടവും ഉൾപ്പെടുത്തിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**(സി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**മറുപടി:** നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത്, അവയുടെ പ്രവർത്തന സ്വഭാവം വിലയിരുത്തി, സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്.വിഷൻ2031-ന്റെ അടിസ്ഥാനത്തിലുള്ള കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ആധുനികവത്ക്കരണ വൈവിധ്യവത്ക്കരണ പദ്ധതികൾക്കായിരിക്കും പ്രാമുഖ്യം നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിന്റെ ഭാഗമായി നടപ്പാക്കിയ ഏകീകൃത സംവിധാനത്തിലൂടെ ഗുണമേന്മയുള്ള പരുത്തി വാങ്ങി നൽകുന്നതിനായി രൂപീകരിച്ച കോട്ടൺ ബോർഡ്, സ്പിന്നിംഗ് മില്ലുകളുടെ ഉത്പന്നങ്ങൾക്ക് വിപണന വ്യാപ്തിയും ലാഭക്ഷമതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം'എന്നിവയുടെ പ്രവർത്തനം കൂടുതൽ

ഊർജ്ജിതമാക്കി ടെക്സ്റ്റൈൽ മേഖലയുടെ കാര്യക്ഷമതയും സുസ്ഥിരതയും ഉറപ്പുവരുത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചതാക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള ഇ-കൊമേഴ്സ് വിപണനത്തിനായി കെൽട്രോൺ മുഖേന നടപ്പിലാക്കിയ K-shoppe പോലുള്ള കേന്ദ്രീകൃത ഇ-കൊമേഴ്സ് മാർക്കറ്റിംഗ് സംവിധാനം നൂതനമാക്കുകയും വിഭവശേഷിയുടെ ഉയർന്ന വിനിയോഗം, ഉല്പാദന ചെലവുകളുടെ നിയന്ത്രണം, ഇന്ത്യക്ക് അകത്തും പുറത്തും വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള / വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള എക്സ്പെർട്ട് കമ്മറ്റിയുടെ ശുപാർശകൾ അംഗീകരിച്ചു കൊണ്ട് ധനകാര്യ വകുപ്പ് സ.ഉ(അച്ചടി) നം.131/2022/ധന തീയതി 29/10/22 പ്രകാരമുള്ള ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ നൽകുകയും സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങൾ ആക്കി തരംതിരിക്കുകയും ഡയമണ്ട്/ഗോൾഡ്/സിൽവർ/ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ചു നൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുന:പരിശോധിക്കുകയും, പുനർ നിർണ്ണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടു വന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും. നിലവിൽ 48 പൊതുമേഖലാ സ്ഥാപനങ്ങളെ ഇപ്രകാരം വർഗ്ഗീകരിച്ചിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ/മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾ എന്നിവർക്ക് വേണ്ടി ബി.പി.ഇ വാർഷിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. നിലവിൽ ആർട്ടിഫിഷൽ ഇന്റലിജൻസ് അധിഷ്ഠിത മാർക്കറ്റിംഗ്, മാനവവിഭവ ശേഷി വികസനം, സോഫ്റ്റ് സ്കിൽ വികസനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ട്രെയിനിംഗുകൾ നടത്തുന്നു.

നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് രണ്ടെണ്ണം തിരഞ്ഞെടുത്ത്, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ മേൽനോട്ടത്തിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുള്ള പഠനം നടത്തി വരുന്നു. നഷ്ടത്തിലാണെന്ന് കണ്ടെത്തിയ മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന്റെ പുനഃസംഘടന സംബന്ധിച്ച പഠനം നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ
സ്ഥാപനങ്ങളുടെ പേരും അവയുടെ സഞ്ചിതനഷ്ടവും ഉൾക്കൊള്ളുന്ന പട്ടിക

| **ക്രമ** നമ്പർ | സ്ഥാപനത്തിന്റെ പേര് **(Name of the PSU)** | തനത് വർഷത്തെ നഷ്ടം **(2024-25) (ലക്ഷം രൂപയിൽ)** | സഞ്ചിത നഷ്ടം **(ലക്ഷം രൂപയിൽ)** |
|---|---|---|---|
| 1 | Autokast Ltd. | 2128.52 | ₹ 27482.93 |
| 2 | Kerala State Bamboo Corporation Ltd. | 1276.76 | ₹ 15773.60 |
| 3 | The Kerala State Cashew Development Corporation Ltd. | 8115.53 | ₹ 208234.00 |
| 4 | Kerala State Drugs & Pharmaceuticals Ltd. | 1442.65 | ₹ 11957.00 |
| 5 | Kerala Electrical & Allied Engineering Company Ltd. | 552.14 | ₹ 26633.00 |
| 6 | Forest Industries (Travancore) Ltd. | 35.94 | ₹ 2145.30 |
| 7 | Handicrafts Development Corporation of Kerala Ltd. | 414.31 | ₹ 7867.43 |
| 8 | Kerala State Handloom Development Corporation Ltd. | 429.54 | ₹ 14601.68 |
| 9 | Kerala Automobiles Ltd. | 12589.33 | വിവരം ശേഖരിച്ച് വരുന്നു. |
| 10 | The Kerala Ceramics Ltd. | 874.78 | ₹ 16980.75 |
| 11 | Kerala Coffee Ltd | 57.91 | ₹ 57.91 |

| | | | |
|---|---|---|---|
| 12 | Kerala Small Industries Development Corporation Ltd. (SIDCO) | 2678.16 | ₹ 28338.00 |
| 13 | Malabar Cements Ltd. | 6192.23 | വിവരം ശേഖരിച്ചു വരുന്നു. |
| 14 | The Metal Industries Ltd. | 241.18 | ₹ 3289.03 |
| 15 | Kerala State Palmyrah Products Development And Workers' Welfare Corp. Ltd. | 13.04 | ₹ 502.70 |
| 16 | Sitaram Textiles Ltd. | 777.35 | ₹ 12574.25 |
| 17 | Kerala State Textile Corporation Ltd. | 6488.01 | ₹ 70633.58 |
| 18 | Traco Cable Company Ltd. | 2887.95 | ₹ 28119.37 |
| 19 | The Travancore Cements Ltd. | 1336.19 | ₹ 18242.00 |
| 20 | The Travancore - Cochin Chemicals Ltd. | 869.11 | *₹ 9496.00 (സഞ്ചിത ലാഭം) |
| 21 | United Electrical Industries Ltd. | 1537.89 | ₹ 14420.49 |
| 22 | Kerala State Mineral Development Corporation Ltd. | 11.81 | ₹ 2313.06 |
| 23 | Kerala Cashew Board Ltd. | 54.33 | വിവരം ശേഖരിച്ചു വരുന്നു. |
| 24 | Trivandrum Spinning Mills Ltd. | 226.80 | ₹ 6539.73 |
| 25 | Kerala State Coir Machinery Manufacturing Company Ltd. | 71.43 | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 26 | KINFRA Film and Video Park | 59.16 | *₹ 452.74 (സഞ്ചിത ലാഭം) |
| 27 | KINFRA International Apparel Parks Limited | 4.24 | ₹ 1603.75 |
| 28 | KEL Electrical Machines Ltd | 351.86 | ₹ 4776.20 |
| 29 | Kerala Paper Products Ltd | 2481.29 | ₹ 5618.92 |
| 30 | Kerala Rice Ltd | 23.45 | ₹ 15.88 |
| 31 | Kerala Rubber Ltd | 145.59 | ₹ 538.87 |
| 32 | Kerala Social Security Pension Ltd | 66980.33 | വിവരം ശേഖരിച്ചു വരുന്നു. |
| 33 | Kerala Tourism Development Corporation Ltd. | 385.65 | ₹ 24291.96 |
| 34 | IMPACT Kerala Ltd. | 64.45 | ₹ 164.36 |
| 35 | COCHIN Smart Mission Limited | 241.75 | ₹ 98.59 |
| 36 | The Kerala Agro Industries Corporation Ltd. | 574.41 | വിവരം ശേഖരിച്ചു വരുന്നു. |
| 37 | Kerala State Horticultural Products Development Corporation Ltd | 115.38 | ₹ 812.79 |
| 38 | Kerala Agro Machinery Corporation Ltd. | 2379.30 | വിവരം ശേഖരിച്ചു വരുന്നു. |
| 39 | Kerala Land Development Corporation Ltd. | 344.96 | ₹ 5559.02 |

| | | | |
|---|---|---|---|
| 40 | Kerala State Coconut Development Corporation Ltd | 185.96 | വിവരം ശേഖരിച്ചു വരുന്നു. |
| 41 | Kerala Agro Business Company Ltd | 260.41 | വിവരം ശേഖരിച്ചു വരുന്നു. |
| 42 | Meat Products of India Ltd. | 968.00 | ₹ 7231.79 |
| 43 | Kerala Feeds Ltd. | 1619.84 | ₹ 11618.66 |
| 44 | Kerala State Film Development Corporation Ltd | 623.70 | ₹ 3043.00 |
| 45 | IIITM-K Indian Institute of Information Technology and Management - Kerala | 565.01 | ₹ 5361.95 |
| 46 | Kerala State IT & Infrastructure Limited | 680.86 | ₹ 3803.96 |
| 47 | Kerala Fibre Optic Network Limited | 2027.86 | വിവരം ശേഖരിച്ചു വരുന്നു. |
| 48 | Reststop Private Ltd | 0.06 | ₹ 1.09 |
| 49 | Kerala State Construction Corporation Ltd. | 353.96 | വിവരം ശേഖരിച്ചു വരുന്നു. |
| 50 | Kerala Transport Development Finance Corporation Ltd. | 112.92 | ₹ 381.00 |
| 51 | Kerala State Road Transport Corporation (KSRTC) | 158038.00 | ₹ 2096136.00 |
| 52 | Kerala Water Authority | 31763.63 | ₹ 715677.00 |
| 53 | Rehabilitation Plantations Ltd. | 477.10 | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 54 | The Kerala State Civil Supplies Corporation Ltd. (Supplyco) | 10538.30 | ₹ 133725.00 |
| 55 | Aralam Farming Corporation of (Kerala) Limited | 142.63 | വിവരം ശേഖരിച്ചു വരുന്നു. |
| 56 | Kerala State Backward Classes Development Corporation Ltd | 13927.25 | വിവരം ശേഖരിച്ചു വരുന്നു. |
| 57 | Kerala State Power and Infrastructure Finance Corporation Ltd. | 7633.04 | ₹ 5548.41 |
| 58 | Kerala State Housing Board | 1857.00 | ₹ 70238.74 |
| 59 | Kerala Police Housing & Construction Corporation Ltd. | 45.73 | ₹ 974.62 |
| 60 | Kerala State Coastal Area Development Corporation Ltd. | 75.55 | വിവരം ശേഖരിച്ചു വരുന്നു. |
| 61 | Kerala Aqua Ventures International Ltd. (KAVIL) | 124.29 | ₹ 985.05 |
| 62 | Kerala State Welfare Corporation for Forward Communities Ltd. | 46.73 | ₹ 225.23 |
| 63 | Vision Varkala Infrastructure Development Corporation Ltd. | 65.08 | ₹ 734.04 |

*തനത് വർഷം (2024-25) നഷ്ടത്തിലാണെങ്കിലും " A Review of Public Enterprises in Kerala 2024-25" - ലെ കണക്കുകൾ പ്രകാരം കമ്പനി സഞ്ചിത ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.